ഇൻഡ്യയിലാകെ 13.99 ശതമാനമാണ്. തെക്കെ ഇൻഡ്യയിൽ അത് 12.5 ശതമാനമാണ്. എന്നാൽ കൊച്ചിയിലെ ലേഖനത്തിൽ നമുക്കു കാണാൻകഴിഞ്ഞത് 10 ശതമാനത്തിൽ താഴെ മാത്രമാണ് വിലയിടിവ് എന്നാണ്. അപ്പോഴും പൊതുവിൽ നോക്കിയാൽ വളരെ നിർഭാഗ്യകര മാണെങ്കിലും കേരളത്തിൽ താരതമ്യേന കുറവാണ്. ഇൻഡ്യയിലൊ ട്ടാകെ തേയിലയ്ക്ക് നേരിട്ടിട്ടുള്ള വിലയിടിവ് കേന്ദ്രഗവൺമെൻറിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടെന്നാണ് സംസ്ഥാനഗവൺമെൻറ് മനസ്സിലാക്കുന്നത്. കയറ്റുമതി വർദ്ധിപ്പിക്കുന്നതിനായി 1985 ആഗസ്റ്റ് 12 മുതൽ തേയിലയുടെ മിനിമം കയറ്റുമതിവില എടുത്തുകളഞ്ഞു വെന്ന് ടീ ബോർഡുതന്നെ സംസ്ഥാനഗവൺമെൻറിനെ അറിയിച്ചിരിക്കുകയാണ്. കേരളപ്ലാന്റേഷൻ അസ്സോസിയേഷൻ അറിയിച്ചിട്ടുള്ളത്, തേയിലയുടെ വിലയിടിയാനുള്ളകാരണം കയറ്റുമതിയിൽ കേന്ദ്രം ഏർപ്പെടുത്തിയിട്ടുള്ള ചില നിയന്ത്രണങ്ങളാണ് എന്നാണ്. എന്തായാലും ഈ പ്രശ്നങ്ങളെല്ലാം സംസ്ഥാനഗവൺമെൻറ് കേന്ദ്ര ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെടുത്തുന്നതാണ്.

(11) പരിയാരം പഞ്ചായത്തിൽ പോത്തിറച്ചി സംസ്കരണ കേന്ദ്രം

ശ്രീ. കെ. ജെ. ജോർജ്: സർ, ചാലക്കുടി നിയോജകമണ്ഡലത്തിൽ പരിയാരം വില്ലേജിൽ ഒരു പോത്തിറച്ചി സംസ്കരണ കേന്ദ്രം തുടങ്ങാൻ നാലഞ്ചുവർഷങ്ങൾക്കുമുമ്പ് തീരുമാനിക്കുകയുണ്ടായി. അതിനുവേണ്ടി ഒരു വിദേശ എക്സ്പർട്ടിനെ കൊണ്ടുവന്ന് വിവിധ സ്ഥലങ്ങൾ പരിശോധിക്കുകയും ഏറ്റവും നല്ല സ്ഥലമെന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിയാരം വില്ലേജ് തിരഞ്ഞെടുക്കുകയും ചെയ്തു. പക്ഷേ നാലരക്കോടി രൂപ മുതൽമുടക്കുവരുന്ന ഒരു പ്രോജക്ട് റിപ്പോർട്ട് ഉണ്ടാക്കുകയും സ്ഥലം എടുക്കുവാൻ തീരുമാനമെടുക്കുകയും സ്ഥലമെടുപ്പ് പൂർത്തിയിൽ എത്തുകയും. ചെയ്ത സന്ദർഭത്തിൽ ആ കമ്പനി അവിടെനിന്നും മറ്റൊരു സ്ഥലത്തേക്ക് മാറ്റിക്കൊണ്ടുപോകാനുള്ള ഒരു ഗൂഢാലോചന നടക്കുന്നുണ്ടോ എന്ന് സംശയിക്കുന്നു. അങ്ങനെയുള്ള ചില പ്രവർത്തനങ്ങളെ സംബന്ധിച്ച് കേൾക്കുന്നു. അതുകൊണ്ട് അവിടുത്തെ ജനങ്ങൾക്ക് വളരെയധികം ഭീതിയുണ്ട്. മറ്റൊരു തൊഴിലവസരം ഇല്ലാത്ത സ്ഥിതിയുണ്ട്. അങ്ങനെയുള്ള ഒരു സ്ഥലത്തുനിന്നും സമീപ പ്രദേശമായ മാളയിലേക്ക് കൊണ്ടുപോകുന്നതിന്റെ പിന്നിലുള്ള വികാരമെന്താണെന്ന് എനിക്ക് മനസ്സിലാക്കാൻ സാധിക്കുന്നില്ല. ഏറ്റവും അനുകൂലമായ പ്രദേശമായ പരിയാരം വില്ലേജിൽത്തന്നെ ആ കമ്പനി സ്ഥാപിക്കുകയും നാലരക്കോടി രൂപയുടെ പ്രോജക്ട് റിപ്പോർട്ട് അനുസരിച്ചുള്ള പ്രവർത്തനങ്ങൾ അവിടെ സംഘടിപ്പിക്കുകയും ചെയ്യണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് ആവശ്യപ്പെടാനുള്ളത്.

കൃഷിവകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്): സർ, കയറ്റുമതിക്ക് ഉപയോഗിക്കാവുന്ന പോത്തിറച്ചി സംസ്കരിക്കുന്നതിനു വേണ്ടി ഒരു യൂണിറ്റ് സ്ഥാപിക്കുവാനുള്ള വിശദമായ ഒരു പ്രോജക്ട് റിപ്പോർട്ട് ഒരു ഡാനിഷ് കമ്പനി ഉണ്ടാക്കിയതിനെ തുടർന്ന്, ഒരു കമ്പനിൽ എത്തുകയുണ്ടായി. ഇതിന് ആറ് ഹെക്ടർ സ്ഥലം എടുത്തുകഴിഞ്ഞു. സ്ഥലമെടുപ്പുനടപടികളും പൂർത്തിയായി

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞു. എന്നാൽ സ്ഥലം കൈവശം കിട്ടിയിട്ടില്ല. അഗ്രഇൻഡസ്ട്രീസ് കോർപ്പറേഷന്റെ സബ്സിഡിയറി കമ്പനിയായ മീറ്റ് പ്രോഡക്റ്റ്സ് ഓഫ് ഇന്ത്യയെ ഒരു സ്വതന്ത്രസ്ഥാപനമാക്കിക്കഴിഞ്ഞതിനുശേഷം പ്രോജക്ട് റിപ്പോർട്ട് കിട്ടിയാലുടൻതന്നെ വേണ്ടതു് ചെയ്യുന്നതാണു്.

(12) കേരള കാർട്ടൂൺ അക്കാദമിയുടെ സാമ്പത്തിക പ്രയാസങ്ങൾ

ശ്രീ. എം. എം. ഹസ്സൻ: സർ, നമ്മുടെ ആളുകളെ ഏറ്റവും കൂടുതൽ ആകർഷിച്ചുകൊണ്ടിരിക്കുന്ന ഒരു കലയാണു് കാർട്ടൂൺകല. ചിത്രകലയ്ക്ക് പ്രോൽസാഹനം നൽകുന്ന ഈ ഗവൺമെന്റ് ഇന്ന് ഈ കാർട്ടൂണിസ്റ്റുകളെ അനുമോദിക്കുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരം ഉണ്ടാക്കുന്നതിന് അടിയന്തിരനടപടി എടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. നമ്മുടെ സംസ്ഥാനത്ത് കാർട്ടൂണിസ്റ്റുകളെ പ്രോൽസാഹിപ്പിക്കുന്നതിന് കാർട്ടൂൺ അക്കാദമി എന്ന പേരിൽ ഒരു സംഘടന തന്നെ പ്രവർത്തിക്കുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ വരയ്ക്കുന്ന ആളാണ്. അദ്ദേഹംതന്നെ കാർട്ടൂണിസ്റ്റുകൾക്ക് ഒരു അസംസ്കൃത വസ്തുവാണ്. സർ, അങ്ങേക്കറിയാം അങ്ങയെ പോലുള്ള ആളുകളെ വരയ്ക്കാൻ കാർട്ടൂണിസ്റ്റുകൾ വളരെ ബുദ്ധിമുട്ടുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ദേഹത്തിന്റെ മന്ത്രിസഭയിൽ ഉൾപ്പെടുത്തിയിട്ടുള്ള ബഹുമാനപ്പെട്ട സുന്ദരൻ നാടാർ, സുന്ദരം സ്വാമി, എം പി. ഗംഗാധരൻ തുടങ്ങിയവരെ വളരെ പെട്ടെന്ന് വരയ്ക്കാം. എന്നാൽ മുസ്ലീം ലീഗിലെ മന്ത്രിമാർ തൊപ്പി വെക്കാത്തതുകൊണ്ട് അവരെ വരയ്ക്കാൻ സാങ്കേതികമായി ബുദ്ധിമുട്ടുണ്ട്. ലളിതകലാ അക്കാദമിക്കും, സംഗീത അക്കാദമിക്കും, സാഹിത്യ അക്കാദമിക്കുമൊക്കെ ഗവൺമെന്റ് പ്രോൽസാഹനം കൊടുക്കുന്നുണ്ട്. അതുപോലെ കാർട്ടൂൺകലയെ പ്രോൽസാഹിപ്പിക്കുന്നതിന് കാർട്ടൂൺ അക്കാദമിക്ക് എന്തെങ്കിലും സാമ്പത്തിക സഹായം നൽകാൻ.....

ജലസേചനവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗംഗാധരൻ): സർ, വളരെ എളുപ്പത്തിൽ വരയ്ക്കാൻ കഴിയുന്നത്, എന്നെയാണെന്ന് അവർ പറഞ്ഞിട്ടുണ്ട്.

ശ്രീ. എം. എം. ഹസ്സൻ: ഞാൻ അത് പ്രത്യേകം പറഞ്ഞല്ലോ. അതുകൊണ്ട് വരയ്ക്കുന്ന മുഖ്യമന്ത്രി ഭരിക്കുമ്പോൾ കാർട്ടൂണിസ്റ്റുകൾക്കുവേണ്ടി സഹായം ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, സാഹിത്യ അക്കാദമി തുടങ്ങിയവയൊക്കെ സൊസൈറ്റി ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ളവയാണ്. അവക്ക് ബഡ്ജറ്റിൽ പ്രൊവിഷനുണ്ട്. ഇതൊരു സ്വകാര്യ സ്ഥാപനമായതുകൊണ്ട് ഇതിന് ബഡ്ജറ്റിൽ പ്രൊവിഷനില്ല. എന്തായാലും കാർട്ടൂണിസ്റ്റുകളുടെ സംരംഭം പ്രോൽസാഹിപ്പിക്കുന്നതാണ്. അവർക്ക് അസംസ്കൃതപദാർത്ഥം ഇഷ്ടംപോലെ കൊടുക്കാം. അതിനൊരു കുഴപ്പവുമില്ല. എന്തായാലും ഇക്കാര്യത്തിൽ എന്ത് ചെയ്യാൻ കഴിയുമെന്ന് ഗവൺമെന്റ് പരിശോധിക്കാം.

LIBRARY ARCHIVES Kerala Legislative Assembly